പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5081 15-11-2019-ലെ മറുപടിയ്ക്ക്

**2019 ലെ പ്രളയത്തിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2019 ലെ പ്രളയത്തിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | പ്രളയത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 4.712 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി വഴിയും 55.60 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. 2019-20 വർഷം മുതൽ പ്രകൃതിക്ഷോഭത്തിന്റെ വിവരങ്ങൾ കൃഷി ഭവൻ തലത്തിൽ സ്മാർട്ട് സോഫ്റ്റ്‌വെയർ വഴിയാണ് അപ് ലോഡ് ചെയ്യുന്നത്. സോഫ്റ്റ് വെയർ വഴിയുള്ള അപ്ഡേഷൻ പൂർത്തീകരിച്ചാൽ മാത്രമേ ഓരോ ജില്ലയ്ക്കും ആവശ്യമുള്ള തുക നൽകുവാൻ സാധിക്കുകയുള്ളൂ.<br>പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ 2018-ലെ പ്രളയത്തിന് 26 കോടിയും വേനൽമഴ മൂലമുള്ള നാശത്തിന് 15.72 കോടി രൂപയും 2019-ലെ പ്രളയത്തിന് 17.16 കോടി രൂപയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആലപ്പുഴ ജില്ലയിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് അറിയിക്കാമോ; | (ബി) | 11005 അപേക്ഷകൾ |
| (സി) | ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നുള്ള അപേക്ഷകർ എത്രയാണെന്നും ധനസഹായം എന്നത്തേക്ക് നൽകുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | 1361 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രപ്പോസൽ ധനകാര്യ വകുപ്പിൽ നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി അടിയന്തിരമായി കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**